I/65604/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. ബിന്ദു ഗോപിനാഥ് I/C) )

വിഷയം:- വനിത ശിശു വികസന വകുപ്പ് –സംയോജിത ശിശു വികസന സേവന പദ്ധതി – അങ്കണവാടി കെട്ടിട വാടക - ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ജില്ലാ വനിത ശിശു വികസന ഓഫീസർമാരുടെ ഫണ്ട് റിക്വയർമെന്റ് പ്രൊപ്പോസൽ.
2. 26/08/2022 ലെ DWCD/1863/2022-ICDSB5 നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നം. DWCD/1863/2022-ICDSB5 തീയതി: 07-11-2022</u>**

വനിത ശിശു വികസന വകുപ്പിന് കീഴിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടി കെട്ടിടങ്ങളുടെ വാടക ഇനത്തിൽ ഫണ്ട് അനുവദിക്കുന്നതിനായി എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാരിൽ നിന്നും ലഭ്യമായ ഫണ്ട് റിക്വയർമെന്റ് പ്രൊപ്പോസൽ പ്രകാരം അങ്കണവാടി കെട്ടിടങ്ങളുടെ 2022 സപ്തംബർ മുതൽ ഡിസംബർ വരെയുള്ള വാടക ഇനത്തിൽ വിനിയോഗിക്കുന്നതിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക് ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു. ജില്ലാ വനിത ശിശുവികസന ഓഫീസർമാർ എത്രയും പെട്ടെന്ന് ടി തുക ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക് കൈമാറേണ്ടതാണ്.

| ക്രമ നമ്പർ | ജില്ല | അങ്കണവാടി കെട്ടിട വാടക ഇനത്തിൽ 2022 സപ്തംബർ മുതൽ ഡിസംബർ വരെ അനുവദിക്കുന്ന തുക |
|---|---|---|
| 1 | തിരുവനന്തപുരം | 85,34,200 |
| 2 | കൊല്ലം | 66,30,300 |
| 3 | ആലപ്പുഴ | 60,16,000 |
| 4 | പത്തനംതിട്ട | 24,82,080 |
| 5 | കോട്ടയം | 45,46,080 |
| 6 | ഇടുക്കി | 5,70,453 |
| 7 | എറണാകുളം | 52,27,424 |
| 8 | തൃശ്ശൂർ | 26,98,700 |
| 9 | പാലക്കാട് | 16,08,330 |
| 10 | മലപ്പുറം | 43,12,230 |
| 11 | കോഴിക്കോട് | 45,43,920 |
| 12 | വയനാട് | 4,26,640 |
| 13 | കണ്ണൂർ | 24,65,473 |
| 14 | കാസർഗോഡ് | 5,28,400 |
| | **ആകെ** | **5,05,90,230** |

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ 2022 സപ്തംബർ മുതൽ

I/65604/2022

ഡിസംബർ വരെയുള്ള വാടക കൃത്യമായി നിലവിലുള്ള വാടക കരാർ വ്യവസ്ഥകൾക്ക് വിധേയമായി ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ കെട്ടിടം ഉടമയ്ക്ക് മാറി നൽകേണ്ടതാണ്.

ഇതിലേക്ക് ആവശ്യമായ ആകെ തുകയായ 5,05,90,230/ - രൂപ (**അഞ്ച് കോടി അഞ്ച് ലക്ഷത്തി തൊണ്ണൂറായിരത്തി ഇരുന്നൂറ്റി** മുപ്പത് രൂപ മാത്രം) കേരള ഗ്രാമീൺ ബാങ്കിന്റെ സ്റ്റേറ്റ് നോഡൽ അക്കൗണ്ട് നമ്പർ 40341101052949 (IFSC-KLGB0040341, സ്കീം കോഡ്- KL247) എന്ന അക്കൗണ്ടിൽ നിന്ന് വിനിയോഗിക്കേണ്ടതും അതത് ജില്ലാ വനിത ശിശുവികസന ഓഫീസർമാരുടെ SNA അക്കൗണ്ടിലേക്ക് കമ്പോണന്റ് കോഡ് അനുസരിച്ച് ([03.01] Rent [KL]) അനുവദിക്കേണ്ടതും വനിത ശിശുവികസന ഓഫീസർമാർ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാരുടെ SNA അക്കൗണ്ടുകളിലേക്ക് ഫണ്ട് അനുവദിക്കേണ്ടതുമാണ്.

ധനവിനിയോഗ സാക്ഷ്യപത്രം ജില്ലാതലത്തിൽ ക്രോഡീകരിച്ച് ജില്ലാ വനിത ശിശു വികസന ഓഫീസർമാർ യഥാസമയം ഈ കാര്യലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

**എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും**

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

പകർപ്പ് :

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക്
3. സൂപ്രണ്ട് അലോട്ട്മെന്റ് / അക്കൗണ്ട് സെക്ഷൻ
4. സൂപ്രണ്ട് പ്ലാനിംഗ് സെക്ഷൻ
5. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**സൂപ്രണ്ട്**